ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 04.10.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. രാജ്യത്ത് യുവജന കേന്ദ്രീകൃതമായ 62,000 കോടിയിലധികം രൂപയുടെ വിവിധ സംരംഭങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കും.

   **Prime Minister Narendra Modi will launch various youth-centric initiatives worth over Rs 62,000 crore in New Delhi today.**

2. ഇന്ത്യ ഒരു വികസിത രാഷ്ട്രമായി മുന്നേറുകയാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   **India is moving towards becoming a developed nation, says Home Minister Amit Shah.**

3. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ അവലോകനം ചെയ്യാൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ നേതൃത്വത്തിലുള്ള സംഘം പട്നയിൽ.

   **A team led by Chief Election Commissioner Gyanesh Kumar is in Patna to review preparations for the Bihar assembly elections.**

4. ദാദാസാഹിബ് ഫാൽക്കെ പുരസ്കാര ജേതാവ് മോഹൻലാലിന് ഇന്ന് കേരളത്തിന്റെ ആദരം; സംസ്ഥാന സർക്കാരിന് വേണ്ടി മുഖ്യമന്ത്രി പിണറായി വിജയൻ ആദരിക്കും.

   **Kerala will honour Dadasaheb Phalke Award winner Mohanlal today; CM Pinarayi Vijayan will honour him on behalf of the state government.**

5. ഗാസ യുദ്ധം അവസാനിപ്പിക്കാനുള്ള യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിൻ്റെ ചില ഉപാധികൾ അംഗീകരിച്ച് ഹമാസ്.

Hamas accepts some conditions of US President Donald Trump's to end the Gaza war.

6. **ഇന്ത്യ -വെസ്റ്റ് ഇൻഡീസ് പരമ്പരയിലെ ആദ്യ ടെസ്റ്റിന്റെ മൂന്നാം ദിവസമായ ഇന്ന് ഇന്ത്യ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിക്കും; ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് നാളെ സമാപനം.**

India will resume its first innings today, the third day of the first Test in the India-West Indies series; the World Para Athletics Championship will concludes tomorrow.

***********************************************************

## PM-YOUTH PROJECTS

രാജ്യത്ത് യുവജന കേന്ദ്രീകൃതമായ 62,000 കോടിയിലധികം രൂപയുടെ വിവിധ സംരംഭങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. യുവാക്കളുടെ നൈപുണ്യ വികസനം ലക്ഷ്യമിട്ട് രാജ്യത്തുടനീളമുള്ള ആയിരം ഗവൺമെന്റ് ഐടിഐകളുടെ നവീകരണത്തിനായി പി.എം-സേതുവിന് തുടക്കം കുറിക്കും. അഞ്ച് ലക്ഷം ബിരുദധാരികൾക്ക് രണ്ട് വർഷത്തേക്ക് ആയിരം രൂപ പ്രതിമാസ അലവൻസ് നൽകുന്ന ബിഹാറിന്റെ നവീകരിച്ച മുഖ്യമന്ത്രി നിശ്ചയ് സ്വയം സഹായത ഭട്ട യോജനയ്ക്കും ശ്രീ.മോദി തുടക്കമിടും. ബിഹാറിലെ ജൻ നായക് കർപ്പൂരി താക്കൂർ സ്കിൽ യൂണിവേഴ്സിറ്റിയും അദ്ദേഹം ഉദ്ഘാടനം ചെയ്യും. 34 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി നവോദയ വിദ്യാലയങ്ങളിലും ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും സ്ഥാപിച്ചിട്ടുള്ള 1,200 വൊക്കേഷണൽ സ്കിൽ ലാബുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

***********************************************************

## AMITH SHAW HARYANA ( INTRO)

ഇന്ത്യ ഒരു വികസിത രാഷ്ട്രമായി മാറുന്നതിലേക്ക് നീങ്ങുകയാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. ദീപാവലിക്കു മുന്നോടിയായി രാജ്യത്തിനായി പ്രധാനമന്ത്രി നരേന്ദ്ര

മോദി വൻ ഇളവുകൾ നൽകിയെന്നും ശ്രീ ഷാ പറഞ്ഞു. ഹരിയാനയിലെ റോഹ്തക് മഹർഷി ദയാനന്ദ് സർവകലാശാല കാമ്പസിൽ സംഘടിപ്പിച്ച ഖാദി കരിഗർ മഹോത്സവത്തിൽ കരകൗശല വിദഗ്ധരുമായി സംവദിക്കുകയായിരുന്നു കേന്ദ്ര മന്ത്രി. (വോയിസ്-അമിത് ഷാ )

രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിൽ ഖാദി നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് ശ്രീ ഷാ വ്യക്തമാക്കി.

*****************************************************************

## ELECTION COMMISSION

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ നേതൃത്വത്തിലുള്ള തിരഞ്ഞെടുപ്പ് കമ്മീഷൻ സംഘം പട്നയിലെത്തി. തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഡോ. സുഖ്ബീർ സിംഗ് സന്ധു, ഡോ. വിവേക് ജോഷി എന്നിവർ സംഘത്തിലുണ്ട്. സന്ദർശനത്തിന്റെ ആദ്യ ദിവസമായ ഇന്ന്, രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമായി സംഘം കൂടിക്കാഴ്ച നടത്തും.

*****************************************************************

## EC- CENTRAL OBSERVERS

രാഷ്ട്രീയ പാർട്ടികൾക്കും, സ്ഥാനാർത്ഥികൾക്കും, വോട്ടർമാർക്കും അവരുടെ പരാതികൾ ബോധിപ്പിക്കുന്നതിന് കേന്ദ്ര നിരീക്ഷകരുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ നിർദ്ദേശം നൽകി. പോളിംഗ് സ്റ്റേഷനുകൾ സന്ദർശിക്കാനും, വോട്ടർമാരുടെ സൗകര്യാർത്ഥം കമ്മീഷൻ അടുത്തിടെ സ്വീകരിച്ച നടപടികൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും അദ്ദേഹം നിർദ്ദേശിച്ചു.

*****************************************************************

## VIKASIT BHARAT BUILDATHON

വികസിത് ഭാരത് ബിൽഡത്തോൺ 2025 ൽ പങ്കാളികളാകാൻ വിദ്യാർത്ഥികളോട് അഭ്യർത്ഥിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം. നിതി ആയോഗിൻ്റെ കീഴിലുള്ള അടൽ ഇന്നൊവേഷൻ മിഷനുമായി സഹകരിച്ചാണ് മന്ത്രാലയം പരിപാടി സംഘടിപ്പിക്കുന്നത്. 6 മുതൽ 12 വരെ ക്ലാസുകളുള്ള സ്കൂളുകളിലെ വിദ്യാർത്ഥികളെയാണ് പരിപാടിയിൽ ഉൾപ്പെടുത്തുന്നത്.

************************************************************

## SHIVRAJ – BIHAR

കേന്ദ്ര കൃഷി, കർഷകക്ഷേമ മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ബിഹാറിലെ പട്ന സന്ദർശിക്കും. ബിഹാർ തലസ്ഥാനത്ത് നടക്കുന്ന മഖാന ഫെസ്റ്റിവലിലും റാബി ശില്പശാലയിലും അദ്ദേഹം പങ്കെടുക്കും. തുടർന്ന് വൃക്ഷത്തൈ നടീൽ പരിപാടിയിലും കേന്ദ്രമന്ത്രി പങ്കെടുക്കും. കർഷകരും കർഷക ഉൽപ്പാദക സംഘടനകളിലെ അംഗങ്ങളും പരിപാടിയിൽ സജീവമായി പങ്കെടുക്കും.

************************************************************

## LAL SALAM-MOHANLAL

രാജ്യത്തെ പരമോന്നത ചലച്ചിത്ര ബഹുമതിയായ ദാദാസാഹിബ് ഫാൽക്കെ പുരസ്കാരം നേടിയ നടൻ മോഹൻലാലിനെ ആദരിക്കുന്നതിനായി കേരള സർക്കാർ സംഘടിപ്പിക്കുന്ന മലയാളം വാനോളം - ലാൽസലാം പരിപാടി ഇന്ന് വൈകിട്ട് 4.30 മുതൽ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാന സർക്കാരിന് വേണ്ടി മോഹൻലാലിനെ ആദരിക്കും. കവി പ്രഭാവർമ്മ രചിച്ച പ്രശസ്തിപത്രം മുഖ്യമന്ത്രി ശ്രീ മോഹൻലാലിന് സമർപ്പിക്കും. പ്രവേശനം പൂർണമായും സൗജന്യമാണ്. എല്ലാവർക്കും സുരക്ഷിതമായി പങ്കെടുക്കാനുള്ള ക്രമീകരണങ്ങൾ പോലീസിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തിയതായി മന്ത്രി സജി ചെറിയാൻ അറിയിച്ചു.

## TJ S GEORGE

മുതിർന്ന മാധ്യമപ്രവർത്തകൻ ടി.ജെ.എസ് ജോർജിന്റെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. ഇന്ത്യൻ മാധ്യമ ചരിത്രത്തിലെ ഒരു സുപ്രധാന അധ്യായമാക്കി തന്റെ ജീവിതത്തെ മാറ്റാൻ കഴിഞ്ഞ പ്രഗത്ഭ മാധ്യമപ്രവർത്തകനായിരുന്നു ടി.ജെ.എസ് ജോർജെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഭയരഹിതവും നിഷ്പക്ഷവും ആയ പത്രപ്രവർത്തനത്തിന് വേണ്ടി എക്കാലവും നിലകൊണ്ട പ്രമുഖ പത്രാധിപനായിരുന്നു ടി.ജെ.എസ് എന്നും മുഖ്യമന്ത്രി അനുസ്മരിച്ചു.

## OCHIRA KALAKETT (INTRO)

ഇരുപത്തെട്ടാം ഓണാഘോഷത്തിൻറെ ഭാഗമായി ഓണാട്ടുകരയിൽ നടന്ന ഓച്ചിറ കാളകെട്ടുത്സവം കാണികളെ ആവേശത്തിലാറാടിച്ചു. 52 കരകളിൽ നിന്നായി ഇരുനൂറോളം നന്ദികേശ രൂപങ്ങളാണ് പരബ്രഹ്മ സന്നിധിയിലേയ്ക്ക് എഴുന്നള്ളിയത്.

വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി **നീരജ് ലാൽ....**

(വോയിസ്)

## NAVRATRI PROCESSION

നവരാത്രി വിഗ്രഹങ്ങളുടെ തിരുവനന്തപുരത്ത് നിന്നുള്ള മടക്ക ഘോഷയാത്ര ഇന്ന്. രാവിലെ ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിൽ നിന്ന് സരസ്വതീ ദേവിയും ആര്യശാല ദേവീക്ഷേത്രത്തിൽ നിന്ന് കുമാര സ്വാമിയും ചെന്തിട്ട ക്ഷേത്രത്തിൽ നിന്ന് മുന്നൂറ്റി നങ്കയും എഴുന്നള്ളി കിള്ളിപ്പാലത്ത് സംഗമിക്കും. കിള്ളിപ്പാലത്ത് കേരള പൊലീസ് ഗാർഡ് ഓഫ് ഓണർ നൽകും.

തുടർന്ന് മൂന്ന് വിഗ്രഹങ്ങളും പത്മനാഭപുരത്തെയും ശുചീന്ദ്രത്തെയും മാതൃ ക്ഷേത്രങ്ങളിലേക്ക് മടങ്ങും.

*********************************************************

## LOTTERY DRAW

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ മാറ്റിവച്ച തിരുവോണം ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പും, പൂജാ ബമ്പർ ടിക്കറ്റിന്റെ പ്രകാശനവും ഇന്ന് നടക്കും. തിരുവനന്തപുരത്ത് ഉച്ചയ്ക്ക് 1-മണിക്ക് നടക്കുന്ന ചടങ്ങിൽ ധനകാര്യമന്ത്രി കെ.എൻ.ബാലഗോപാൽ പ്രകാശനം നിർവഹിക്കും.

*********************************************************

## GAZA PEACE PLAN

ഗാസ യുദ്ധം അവസാനിപ്പിക്കാനുള്ള യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിൻ്റെ പദ്ധതിയിലെ ചില ഉപാധികൾ അംഗീകരിച്ച് ഹമാസ്. ഇസ്രയേലി ബന്ദികളെ മോചിപ്പിക്കുക, ഭരണം കൈമാറുക എന്നിവ അംഗീകരിക്കുമെന്നാണ് ഹമാസ് വ്യക്തമാക്കിയത്. എന്നാൽ മറ്റ് പല വ്യവസ്ഥകളിലും ചർച്ചകൾ വേണമെന്നാണ് ഹമാസ് നിലപാട്. ഞായറാഴ്ച രാത്രിക്കുമുൻപ് കരാർ അംഗീകരിക്കണമെന്ന ട്രംപിന്റെ ഭീഷണിക്ക് പിന്നാലെയാണ് പ്രതികരണം. താൻ മുന്നോട്ടുവെച്ച 20 ഇന സമാധാനപദ്ധതി ഞായറാഴ്ച വൈകീട്ട് ആറിനുമുൻപ് അംഗീകരിക്കണമെന്നായിരുന്നു ഹമാസിന് ട്രംപിൻ്റെ അന്ത്യശാസനം.

*********************************************************

## CRICKET – IND VS WI

അഹമ്മദാബാദിൽ നടക്കുന്ന ഇന്ത്യ -വെസ്റ്റ് ഇൻഡീസ് പരമ്പരയിലെ ആദ്യ ടെസ്റ്റിന്റെ മൂന്നാം ദിവസമായ ഇന്ന് ഇന്ത്യ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 448 റൺസ് എന്ന നിലയിൽ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിക്കും. ധ്രുവ് ജുറൽ, രവീന്ദ്ര ജഡേജ,

കെ.എൽ.രാഹുൽ എന്നിവരുടെ സെഞ്ച്വറികളുടെ മികവിൽ ഇന്ത്യ, വെസ്റ്റ് ഇൻഡീസിനെതിരെ 286 റൺസിന്റെ വമ്പൻ ലീഡ് നേടി. ഒന്നാം ഇന്നിംഗ്സിൽ വെസ്റ്റ് ഇൻഡീസ് 162 റൺസിന് പുറത്തായിരുന്നു.

*******************************************************************

## WORLD PARA ATHLETICS

ന്യൂഡൽഹിയിൽ നടക്കുന്ന ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ഇന്നലെ രണ്ട് സ്വർണവും രണ്ട് വെങ്കലവും ഉൾപ്പെടെ നാല് മെഡലുകൾ കൂടി നേടി. ഇതോടെ ആറ് സ്വർണവും അഞ്ച് വെള്ളിയും നാല് വെങ്കലവുമായി മെഡൽപട്ടികയിൽ ഇന്ത്യ നാലാം സ്ഥാനത്ത് തുടരുന്നു. ചാമ്പ്യൻഷിപ്പ് നാളെ സമാപിക്കും.

*******************************************************************

## GST-LEATHER AND FOOTWEAR

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ജി.എസ്.ടി പരിഷ്കാരങ്ങൾ ഇന്ത്യയുടെ പരോക്ഷ നികുതി സമ്പ്രദായം ലളിതമാക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയ്പ്പ് കൂടിയാണ്. തുകൽ-പാദരക്ഷ ഉൽപ്പന്നങ്ങൾക്ക് നികുതി നിരക്കുകൾ 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. ഇത് പ്രകാരം, രണ്ടായിരത്തി അഞ്ഞൂറ് രൂപ വരെ വിലയുള്ള പാദരക്ഷകൾക്ക് ഇപ്പോൾ 5 ശതമാനം ജി.എസ്.ടി മാത്രമേ ഈടാക്കുകയുള്ളൂ. ഇതോടൊപ്പം, വിവിധ തുകൽ ഉൽപ്പന്നങ്ങളുടെ നികുതിയും കുറച്ചിട്ടുണ്ട്.

*******************************************************************

## SWASTH NARI SASHAKT PARIVAR

സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ട് സംഘടിപ്പിച്ച "സ്വസ്ത് നാരി സശക്ത് പരിവാർ" അഭിയാൻ രാജ്യത്തുടനീളം വ്യാപക പങ്കാളിത്തത്തോടെ സമാപിച്ചു. സമഗ്ര ആരോഗ്യ സേവനങ്ങളിലൂടെ 6.5 കോടിയിലധികം സ്ത്രീകൾക്കും

കുട്ടികൾക്കും പ്രയോജനം ലഭിച്ചു. 18 ലക്ഷത്തിലധികം ആരോഗ്യ ക്യാമ്പുകളാണ് 2025 സെപ്റ്റംബർ 17 മുതൽ ഒക്ടോബർ 2 വരെയുള്ള കാലയളവിൽ സംഘടിപ്പിച്ചത്. ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയവും വനിതാ-ശിശു വികസന മന്ത്രാലയവും സംയുക്തമായാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്.

****************************************************

## CHEQUE CLEARANCE

ഇന്ന് മുതൽ, മണിക്കൂറുകൾക്കുള്ളിൽ ചെക്ക് ക്ലിയറിങ് സാധ്യമാക്കുന്ന പരിഷ്കാരവുമായി റിസർവ് ബാങ്ക്. നിലവിൽ രണ്ടു ദിവസം വരെ കാത്തിരിക്കേണ്ട സാഹചര്യത്തിനാണ് ഇതിലൂടെ മാറ്റംവരുന്നത്. രാവിലെ പത്ത് മുതൽ വൈകുന്നേരം നാല് വരെ തുടർച്ചയായി ചെക്കുകൾ സ്കാൻ ചെയ്യും. പണം നൽകേണ്ട ബാങ്കുകൾ വൈകുന്നേരം ഏഴ് മണിക്കുള്ളിൽ ചെക്കുകൾ സ്ഥിരീകരിക്കണം. അല്ലെങ്കിൽ രാത്രിതന്നെ പണം അക്കൗണ്ട് ഉടമയ്ക്ക് ഓട്ടോമാറ്റിക് ആയി കൈമാറും.

****************************************************
****************************************************
****************************************************************************************************************